# പാളയും മലയാളിയും: ഒരു ആത്മബന്ധത്തിന്റെ കഥ





കവുങ്ങെന്നും കമുങ്ങെന്നും അടയ്ക്കാരമെന്നും ഒക്കെ അറിയപ്പെടുന്ന അടയ്ക്കാമരത്തിന്റെ ഇലപ്പട്ടയുടെ (തളങ്ങുംപട്ട എന്നും പറയും) തണ്ടിന്റെ അടിഭാഗത്തെ പരന്നുവിശാലമായിക്കാണുന്ന ഭാഗമത്രെ പാള. പട്ടയെ അടയക്കാമരത്തോട് ചേർത്തു നിർത്തുന്ന പാള അടയ്ക്കാമരത്തിന്റെ പൂക്കുലകളെ മൂടിപ്പൊതിഞ്ഞ് സംരക്ഷിക്കുകയും ചെയ്യുന്നു. അടയ്ക്കാമണികളുടെ ഈ സംരക്ഷണകവചം തടിയിൽനിന്നും വേർപിരിഞ്ഞ് ഭൂമിയിലെത്തിയാലോ - അതുകൊണ്ട് ഒന്നല്ല; ഒരു നൂറ് ഉപകാരങ്ങളുണ്ട്.

'വീശാനെടുക്കാം കുടയായ് പിടിക്കാം

ചോരുന്ന കൂരയുടെ 'ചോർച്ച മാറ്റാം.

അകവും വടിക്കാം പുറവും വടിക്കാം

കാശി യാത്രയ്ക്കൊരു പാത്രമാക്കാം.

എന്നൊരു കടംകഥ കേട്ടിട്ടുണ്ടോ? പാളയുടെ ചില പ്രധാന ഉപകാരങ്ങളെ ഈ കടംകഥ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇന്നത്തെ തലമുറയിൽപെട്ട മലയാളികൾ ഒരുപക്ഷേ പാള എന്തെന്നറിയാതെ തന്നെ ജനിച്ചുവളർന്നു മണ്ണടിഞ്ഞെന്നു വരാം. പക്ഷേ ഇന്നലത്തെ കഥ അതായിരുന്നില്ല. കേരളിയന്റെ ജീവിത സന്ദർഭങ്ങളുമായി ആത്മബന്ധം പുലർത്തിയിരുന്നു ഇന്ന് ആർക്കും വേണ്ടാതായ ഈ പാള.

പണ്ട് സിമന്റും ടൈൽസും മൊസൈക്കുമൊക്കെയിട്ട കുളിമുറികളില്ലായിരുന്നു നമുക്ക്. ചാണകം മെഴുകിയ തറകളായിരുന്നു വീടുകൾക്ക്. ജനിച്ചുവീണ കുട്ടികളെ അവരുടെ ശൈശവ നാളുകളിൽ കുളിപ്പിച്ചിരുന്നത് പാളകളിൽ കിടത്തിയായിരുന്നു. നല്ല വലിപ്പമുള്ള പാളനോക്കി മുറിച്ചെടുത്താണ് കുഞ്ഞിനെ കുളിപ്പിക്കാൻ കൊണ്ടുവയ്ക്കുക. പാള മലർത്തിയിടും. അതിൽ എണ്ണതേച്ചു പിടിപ്പിച്ച കുഞ്ഞുങ്ങളെ പയ്യെ കിടത്തും. അൽപം പരുപരുപ്പുള്ള പാളയുടെ പ്രതലത്തിൽ, കൈകാലുകളിളക്കി കളിച്ചും മോണകാട്ടി ചിരിച്ചും കിടക്കുന്ന കുഞ്ഞുങ്ങളെ അമ്മൂമ്മമാർ സാവധാനത്തിൽ കുളിപ്പിച്ചെടുക്കും. അങ്ങിനെ ജനിച്ച് ഒരാഴ്ച കഴിയുമ്പോഴേക്കും കേരളീയന് പാളയുമായുള്ള സൗഹൃദമാരംഭിക്കുന്നു.

പാളയുടെ അടുത്ത ഉപകാരം വീശറിയുടെ രൂപത്തിലാണ്. ജനിച്ചശേഷമുള്ള ആദ്യത്തെ വേനൽക്കാലത്തു തന്നെ കുഞ്ഞുങ്ങൾ പാളവീശറിയുടെ സുഖശീതളിമ നിറഞ്ഞ സൗഹൃദം വീണ്ടുമറിയുന്നു. പാള വീശറികൾ ഇന്നും ഗ്രാമീണ കേരളത്തിന്റെ പല ഭാഗങ്ങളിലും ഉപയോഗത്തിലുണ്ട്.

കുട്ടികൾ എഴുന്നേറ്റിരിക്കുകയും ഒറ്റയടിവച്ച് പയ്യെ നടന്നുതുടങ്ങുകയും ചെയ്യുന്ന അവസ്ഥയിൽ പാള വണ്ടിയായി പ്രത്യക്ഷപ്പെടുന്നു. കവുങ്ങിൻ പട്ടയിൽനിന്നും ഓലകൾ മാത്രം ഉരിച്ചുകളയുന്നു. എന്നിട്ട് പാള മലയർത്തിയിട്ട് പാളയിൽ കുഞ്ഞിനെയിരുത്തും. പാളയിൽ കുഞ്ഞിന്റെ പുറകിലായി അൽപംകൂടി മുതിർന്ന ഒരു കുട്ടിയിരുന്ന് കുഞ്ഞ് വീഴാതെ പിടിക്കും. പാളയുടെ തണ്ടിന്റെ അറ്റത്തു പിടിച്ച് മുതിർന്നവരാരെങ്കിലും വലിച്ചുകൊണ്ട് നടക്കും. കുറച്ചു കഴിയുമ്പോഴേക്കും കുഞ്ഞ് ഒറ്റക്ക് പിടിച്ചിരിക്കാൻ പഠിക്കും. കുട്ടിക്ക് മതിയാകുംവരെ വീടിന്റെ മുറ്റത്തും ഇടവഴികളിലുമൊക്കെ പാളവണ്ടി വലിച്ച് നടന്ന് നടന്ന് മുതിർന്നവർ ക്ഷീണിച്ചു പോകും.

കവുങ്ങിൽനിന്നും വീഴുന്ന പാള വെയിലത്തുവെച്ചോ വെള്ളത്തിലിട്ടോ പാളയുടെ ബലത്തിന് നമുക്കാവശ്യമുള്ള വ്യത്യാസങ്ങളുണ്ടാക്കാം. പാളയുടെ ഈ 'പ്രോസസിംഗ്' അന്നത്തെ മലയാളിക്ക് കൃത്യമായി അറിയാമായിരുന്നു.

മുതിർന്ന കുട്ടികൾ കളിക്കുമ്പോൾ മുഖംമൂടികൾ വെട്ടിയുണ്ടാക്കാനും കിരീടങ്ങളും തൊപ്പികളും ഉണ്ടാക്കാനും പാളകൾ ഉപയോഗിച്ചിരുന്നു. മുഖംമൂടികൾ ഉണ്ടാക്കൽ അത്ര ബുദ്ധിമുട്ടുള്ള പണിയായിരുന്നില്ല; പക്ഷെ, പോലീസ് തൊപ്പികൾ ഉണ്ടാക്കൽ അൽപം വൈദഗ്ദ്യം ആവശ്യപ്പെട്ടിരുന്ന ഒരു കൈവിരുതായിരുന്നു.

മഴക്കാലത്ത് മേൽക്കൂരകൾ ചോരുമ്പോൽ, ഓല വീടുകളായാലും ശരി ഓടിട്ട വീടുകളായാലും ശരി, പാളക്കീറുകൾ വെച്ചാണ് ചോർച്ച മാറ്റാറ്.

കിണറുകളിൽനിന്ന് വെള്ളം കോരിയെടുക്കാനും പണ്ട് പാള കോട്ടിയെടുത്ത പാത്രങ്ങളാണ് ഉപയോഗിച്ചിരുന്നത്. വലിയ പാള പട്ടയിൽനിന്നും മുറിച്ചെടുത്ത് വെള്ളത്തിലിട്ടു മൃദുവാക്കി രണ്ടുവശവും മടക്കിക്കെട്ടി വിലങ്ങനെ ഒരു തണ്ടുവച്ചു മുറുക്കിയാണ് വെള്ളം കോരാനുള്ള പാള തയാറാക്കിയിരുന്നത്. ഇതിനെ കോരുപാള എന്നുവിളിക്കും.

കോരുപാള തയാറാക്കുന്നപോലെ തന്നെയാണ് പാളത്തൊപ്പിയും പാള കൊണ്ടുള്ള പാത്രങ്ങളും ഉണ്ടാക്കിയിരുന്നത് - ണടക്കുന്നതിലും കെട്ടുന്നതിലും ചെറിയ വ്യത്യാസങ്ങളുണ്ട്.

കാർഷികത്തൊഴിലാളികൾ പണിയിടങ്ങളിൽ മഴയും വെയിലും തലയിൽ വീഴാതിരിക്കാൻ പാളത്തൊപ്പികളാണ് അന്ന് ധരിച്ചിരുന്നത്.

ഒരുഭാഗം മാത്രം മടക്കികെട്ടിയ കുത്തുപാളകളിലാണ് അന്ന് പണിയാളർക്ക് കഞ്ഞിവിളമ്പിക്കൊടുത്തിരുന്നത്. മണ്ണിൽ ഒരു ചെറിയ കുഴികുഴിച്ച് കുത്തുപാള അതിൽവയ്ക്കും. എന്നിട്ടതിൽ കഞ്ഞിവിളമ്പും.

ചാണകമെഴുതിയ പ്രതലങ്ങളിലെ ചാണകം വടിക്കാൻ പാളയുടെ കുറുകെമുറിച്ച കഷണങ്ങളാണ് ഉപയോഗിച്ചിരുന്നത്. പാളാക്ക് (പാളനാക്ക്) എന്നാണ് ഈ കഷണങ്ങളെ വിളിച്ചിരുന്നത്. പാളാക്കിന്റെ ചെറിയ കഷണങ്ങൾ അമ്മിയ്ക്കടുത്ത് സ്ഥിരമായി വെച്ചിരുന്നു. അമ്മിയിൽ അരച്ചെടുത്ത സാധനങ്ങൾ കൈകൊണ്ട് വടിച്ചെടുക്കുന്നതിനുപകരം ഈ പാളനാക്കുകൊണ്ട് വടിച്ചെടുക്കാറാണ് പതിവ്.

കൊണ്ടാട്ടങ്ങളുണക്കുക, പുളിച്ചാണകളുണക്കുക തുടങ്ങിയ ആവശ്യങ്ങൾക്കും മത്സ്യം തുടങ്ങിയവ വാങ്ങിക്കൊണ്ടുവരാനും പാളകൾ ഉപയോഗിക്കാറുണ്ട്. പാള നനച്ചു കീറിയെടുത്ത നാരുകൾ പൊതികൾ കെട്ടാനും വേലികെട്ടാനുമൊക്കെ ഉപയോഗിച്ചിരുന്നു.

ഹിന്ദുക്കളുടെ മരണാനന്തരമുള്ള സഞ്ചയനം (അസ്ഥിപെറുക്കൽ) ചടങ്ങിൽ മൃതശരീരം ദഹിപ്പിച്ച കുഴിയിൽനിന്നും പെറുക്കിയെടുക്കുന്ന അസ്ഥിക്കഷണങ്ങൾ ആദ്യം പാളകൊണ്ടുണ്ടാക്കിയ പാത്രങ്ങളിലാണ് ശേഖരിക്കുക.

അങ്ങിനെ ജനനം മുതൽ മരണാനന്തര ക്രിയാസമയംവരെ പാള മനുഷ്യന് സഹകാരിയായിരുന്നു.


ഓർത്തുപറഞ്ഞത് : പി.ലക്ഷ്മിക്കുട്ടിയമ്മ
പി.എൻ.സുലോചന
ലേഖന രൂപം : ടി.അനിൽകുമാർ
സാമഗ്രികൾ : പി.രാജപ്പൻ നായർ
ചിത്രങ്ങൾ : സുധീഷ് മേനോൻ.